# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

30.11.2018-ലെ മറുപടി

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:1062

## കുട്ടനാട് മണ്ഡലത്തിലെ കുടിവെള്ളക്ഷാമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.തോമസ് ചാണ്ടി | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കുട്ടനാട് മണ്ഡലത്തിലെ രൂക്ഷമായി കൊണ്ടിരിക്കുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനു വേണ്ടിയുള്ള നിലവിലുള്ള പദ്ധതികൾ ഏതെല്ലാം: പ്രസ്തുത പദ്ധതികളുടെ അവസ്ഥ വ്യക്തമാക്കാമോ; | (എ) | കുട്ടനാട് മണ്ഡലത്തിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനു വേണ്ടി ഇപ്പോൾ പ്രതിദിനം 14 ദശ ലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാല നീരേറ്റുപുറത്ത് പ്രവൃത്തിച്ചുവരുന്നു. ഇതു കൂടാതെ 26 ട്യൂബ് വെൽ പദ്ധതികളും നിലവിലുണ്ട്. ഇക്കഴിഞ്ഞ പ്രളയത്തിൽ കുട്ടനാട് മേഖലയിൽ അനുഭവപ്പെട്ട രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി 9 റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ സ്ഥാപിച്ച് കുടിവെള്ള വിതരണം കാര്യക്ഷമമാക്കിയിട്ടുണ്ട്. മേൽ പ്പറഞ്ഞ നിലവിലുള്ള പ്രധാന പദ്ധതി കൾ എല്ലാം പ്രവർത്തന സജ്ജമാണ്. നീരേറ്റുപുറത്തുള്ള 14 mld പ്ലാന്റിൽ നിന്ന്,കുട്ടനാട് മണ്ഡലത്തിലെ തലവടി, മുട്ടാർ, രാമങ്കരി, എടത്വാ (ഭാഗികം), കാവാലം (ഭാഗികം), പുളിങ്കുന്ന് (ഭാഗികം) എന്നിവിട ങ്ങളിൽ ജല വിതരണം നടത്തിവരുന്നു. ഇതിനു പുറമെ തിരുവല്ല പ്ലാന്റിൽ നിന്നും കുട്ടനാട് മണ്ഡലത്തിലെ വെളിയനാട് പഞ്ചായത്തിലും കുടിവെള്ളം നൽകി വരുന്നു. കൂടാതെ 26 ട്യൂബ് വെൽ പദ്ധതികളിൽ നിന്നും ജലം ലഭ്യമാകുന്നുണ്ട്. |
| (ബി) | കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനു പുതിയതായി പദ്ധതികൾ ആവിഷ്കരി ച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (എ) | ഉണ്ട്. 13-ാം ധനകാര്യ കമ്മീഷന്റെ ധന സഹായത്തോടെ 70 കോടി രൂപയുടെ കുട്ടനാട് ജലവിതരണ പദ്ധതിയുടെ വിപുലീകരണത്തിനുള്ള പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. |

| ചോദ്യം | മറുപടി |
|---|---|
| | താഴെ പറയുന്ന രീതിയിലാണ് 70 കോടിയുടെ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. |

| | | |
|---|---|---|
| 1. | ട്രാൻസ്മിഷൻ സിസ്റ്റം 1 (പ്രധാന ട്രാൻസ്മിഷൻ പൈപ്പ ലൈനുകൾ) | 1194 ലക്ഷം |
| 2. | ട്രാൻസ്മിഷൻ സിസ്റ്റം 2 | 2576 ലക്ഷം |
| 3. | വിതരണശൃംഖല 1, 2 &ഓവർഹെഡ് ടാങ്കുകൾ | 3133 ലക്ഷം |
| 4. | നിലവിലുള്ള ട്രാൻസ്മിഷൻ സിസ്റ്റം ബലപ്പെടുത്തുന്നതിന് | 40 ലക്ഷം |
| 5. | നിലവിലുള്ള വിതരണ ശൃംഖല ബലപ്പെടുത്തുന്നതിന് | 57 ലക്ഷം |

കൂടാതെ കുട്ടനാട് മണ്ഡലത്തിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി കിഫ്ബിയിൽ ഉൾപ്പെടുത്തി 2017-18 ബജറ്റിൽ പ്രഖ്യാപിച്ച സമഗ്ര കുടിവെള്ള പദ്ധതിയ്ക്ക് 241 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ 30 MLD ശുദ്ധീകരണശാലയും 13 പഞ്ചായത്തുകളിൽ ഉന്നതതല സംഭരണികളും 39 കിലോമീറ്റർ പ്രധാന ട്രാൻസ്മിഷൻ ലൈനുകളും 895 കിലോമീറ്റർ വിതരണ ശൃംഖലയും സ്ഥാപിക്കാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. പ്രസ്തുത പദ്ധതിയ്ക്ക് കിഫ്ബിയുടെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ